# NATIONAL MEANS-CUM-MERIT SCHOLARSHIP EXAMINATION - 2020

## PART - II


## SCHOLASTIC APTITUDE TEST (SAT)

**Time: 90 Minutes** **Maximum Marks : 90**

**പരീക്ഷാർത്ഥികൾക്കുള്ള നിർദേശങ്ങൾ :**

**ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ തുടങ്ങുന്നതിനു മുമ്പ് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക. ഉത്തരം നൽകേണ്ടത് ഒരു പ്രത്യേക ഉത്തരക്കടലാസിൽ (OMR) ആണ്. നിർദ്ദേശത്തിനു ശേഷം മാത്രമെ സീൽ തുറക്കുവാനും ഉത്തരം എഴുതുവാനും പാടുള്ളു.**

1. **നിങ്ങളുടെ റോൾ നമ്പർ (ഒരു കള്ളിയിൽ ഒരു അക്കം മാത്രം) വ്യക്തമായി നിങ്ങളുടെ പ്രവേശന പത്രത്തിൽ തന്നിരിക്കുന്നതു പോലെ എഴുതുക.**
2. **ഈ പരീക്ഷാപുസ്തകത്തിൽ 90 ചോദ്യങ്ങളുണ്ട്. ചോദ്യങ്ങൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നു.**
   - **1 മുതൽ 35 വരെയുള്ള ചോദ്യങ്ങൾ സാമൂഹ്യശാസ്ത്രത്തിൽ നിന്ന്.**
   - **36 മുതൽ 70 വരെയുള്ള ചോദ്യങ്ങൾ ശാസ്ത്ര വിഷയങ്ങളിൽ നിന്ന്**
   - **71 മുതൽ 90 വരെയുള്ള ചോദ്യങ്ങൾ ഗണിതത്തിൽ നിന്ന്**
3. **ഓരോ ചോദ്യത്തിനും ഉചിതമായ ഉത്തരം തെരഞ്ഞെടുത്ത് ശരിയായ ഉത്തരത്തെ സൂചിപ്പിക്കുന്ന വൃത്തം മാത്രം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ പൂർണ്ണമായി കറുപ്പിക്കുക.**




4. **എല്ലാ ചോദ്യങ്ങൾക്കും ഒരു മാർക്ക് വീതം**
5. **ന്യൂന മാർക്ക് ഇല്ല ഓരോ ശരി ഉത്തരത്തിനും ഒരു മാർക്ക് വീതം ലഭിക്കും.**
6. **നിങ്ങളുടെ പേര് ചോദ്യ പുസ്തകത്തിന്റെയോ ഉത്തരക്കടലാസിന്റെയോ ഒരു ഭാഗത്തും എഴുതുവാൻ പാടില്ല.**

**ആകെ 90 ചോദ്യങ്ങൾ ഉണ്ട്. ഓരോ ചോദ്യത്തിനും 1, 2, 3, 4 എന്ന് അടയാളപ്പെടുത്തിയ നാല് വ്യത്യസ്ത ഉത്തരം വീതം കൊടുത്തിട്ടുണ്ട്. അവയിൽ ശരിയായതോ ഏറ്റവും അനുയോജ്യമായതോ ആയ ഉത്തരം കണ്ടുപിടിക്കുക. ഈ ഉത്തരത്തെക്കുറിക്കുന്ന നമ്പർ ഉത്തരക്കടലാസിൽ അതാത് ചോദ്യത്തിനെതിരെ ഉണ്ട്. ഈ നമ്പർ അടങ്ങിയ വൃത്തം നീല അല്ലെങ്കിൽ കറുപ്പ് മഷിയുള്ള ബാൾപെൻ ഉപയോഗിച്ച് കറുപ്പിക്കുക. ഉത്തരങ്ങൾ അപ്രകാരം OMR ഉത്തരക്കടലാസിൽ മാത്രം രേഖപ്പെടുത്തുക. ചോദ്യങ്ങൾ അടങ്ങിയ ബുക്കിന്റെ കവർ പേജിൽ നിങ്ങളുടെ റോൾ നമ്പരും, റഫ് വർക്കിനു വേണ്ടി തന്നിട്ടുള്ള സ്ഥലത്ത് അതിനുള്ള കുറിപ്പുകൾ ഒഴികെ മറ്റൊന്നും എഴുതരുത്.**

1. 'നീതി ആയോഗ്' -ന്റെ അദ്ധ്യക്ഷൻ ആര്?
   (1) രാഷ്ട്രപതി
   (2) പ്രധാന മന്ത്രി
   (3) കേന്ദ്രആഭ്യന്തര മന്ത്രി
   (4) കേന്ദ്രധനകാര്യ മന്ത്രി

2. ഇന്ത്യയുടെ ഏറ്റവും പടിഞ്ഞാറുള്ള രേഖാംശമാണ്?
   (1) 8°4' കിഴക്ക്
   (2) 37°6' കിഴക്ക്
   (3) 68°7' കിഴക്ക്
   (4) 97°25' കിഴക്ക്

3. അന്താരാഷ്ട്ര കോടതിയിലെ ആകെ ജഡ്ജിമാരുടെ എണ്ണം എത്ര?
   (1) 9
   (2) 10
   (3) 12
   (4) 15

4. ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ സന്താൾ ജനത കലാപം തുടങ്ങിയത് എവിടെ വച്ചാണ്?
   (1) രാജമഹൽ കുന്നുകൾ

(2) ചോട്ടാ നാഗ്പൂർ

(3) മറാത്താ പ്രദേശം

(4) അഹമ്മദ് നഗർ

5. താഴെ പറയുന്നവയിൽ ശരിയാ ജോഡി ഏത്?

(1) താഴികക്കുടം, കമാനം, മിനാരം - രാജരാജ ചോളൻ

(2) പഞ്ചരഥങ്ങൾ - നരസിംഹവർമ്മൻ

(3) ബ്രഹ്മദീശ്വരക്ഷേത്രം - ഒഡീഷ

(4) ഖജുരാഹോ ക്ഷേത്രം - ഇൻഡോ ഇസ്ലാമിക് വാസ്തു വിദ്യ

6. താഴെ പറയുന്നവയിൽ തെറ്റായ ജോഡി ഏത്?

(1) ചമ്പോലിയൻ -ഹീറോഗ്ലിഫിക്സ്

(2) ഗ്രേറ്റ് ബാത്ത് - മോഹഞ്ജദാരോ

(3) ക്യൂണിഫോം - മെസപ്പൊട്ടേമിയൻ ലിപി

(4) മെളുഹ - ചൈനീസ് സംസ്കാരം

7. ശൈത്യ മേഖല സ്ഥിതി ചെയ്യുന്നത്:

(1) ഭൂമധ്യരേഖയ്ക്കും ഉത്തരായനരേഖയ്ക്കുമിടയിൽ

(2) ഭൂമധ്യരേഖയ്ക്കും ദക്ഷിണായന രേഖയ്ക്കുമിടയിൽ

(3) ഉത്തരായന രേഖയ്ക്കും ആർട്ടിക് വൃത്തത്തിനുമിടയിൽ

(4) ആർട്ടിക് - അന്റാർട്ടിക് വൃത്തങ്ങൾക്കും ഉത്തര - ദക്ഷിണ ധ്രുവങ്ങൾക്കും ഇടയിൽ

8. ഭൂമിയുടെ കാമ്പിനെ മറ്റേത് പേരിൽ അറിയപ്പെടുന്നു?

(1) സിയാൽ (2) സിമ

(3) നിഫെ (4) അസ്തനോസ്ഫിയർ

9. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തെ ഭരണഘടനയുടെ ഐഡന്റിറ്റി കാർഡ് എന്ന് വിശേഷിപ്പിക്കുന്നതാര്?

(1) എൻ. എ. പൽക്കിവാല

(2) ജവഹർലാൽ നെഹ്റു

(3) ബി.എൻ. റാവു

(4) കെ.ടി. ഷാ

10. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യാ ചരിത്രത്തിൽ ഷാജഹാന്റെ പുത്രനായ ദാരഷുക്കോവിനെ സ്മരണീയനാക്കിയത്?

(1) ഉപനിഷത്തുക്കൾ പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത്

(2) കവാലി സംഗീതം ചിട്ടപ്പടുത്തിയത്

(3) രജപുത്രന്മാർക്കു മേൽ സൈനിക വിജയം നേടിയത്

(4) ബംഗാൾ പ്രവിശ്യയിൽ ഫലവത്തായ ഭരണം നടപ്പിലാക്കിയത്.

11. ടാങ്ക, ജിതാൽ എന്നിവ, മധ്യകാലത്ത് ഡൽഹി ഭരിക്കുമ്പോൾ ഇൽത്മിഷ് നടപ്പിലാക്കിയവയാണ്. എന്താണ് അവ?

(1) കയറ്റുമതി ചരക്കുകളുടെ നികുതി

(2) പുതുതായി നിർമ്മിക്കപ്പെട്ട കനാലുകൾ

(3) പുതുതായി അടിച്ചിറക്കിയ നാണയങ്ങൾ

(4) കിരീടധാരണ ചടങ്ങുകൾ

12. ഇന്ത്യയിൽ പ്രധാനമന്ത്രിയാകാൻ വേണ്ട ചുരുങ്ങിയ പ്രായം എത്ര?

(1) 21 വയസ്സ്

(2) 25 വയസ്സ്

(3) 30 വയസ്സ്

(4) 35 വയസ്സ്

13. ചുവടെ നൽകിയിരിക്കുന്നതിൽ 'പാർലമെന്റുകളുടെ മാതാവ്' എന്നു വിളിക്കുന്നത് ഏതിനെയാണ്?

(1) ഇന്ത്യയിലെ പാർലമെന്റ്

(2) അമേരിക്കയിലെ സെനറ്റ്

(3) ബ്രിട്ടനിലെ പാർലമെന്റ്

(4) ഫ്രാൻസിലെ പാർലമെന്റ്

14. മണൽ പ്രദേശങ്ങളിൽ കുഴിക്കുന്ന ആഴം കുറഞ്ഞ കുഴൽ കിണറുകൾ അറിയപ്പെടുന്നത് എങ്ങനെ?

(1) ഗീസറുകൾ

(2) ആർട്ടിഷ്യൻ കിണറുകൾ

(3) അരിപ്പ കിണറുകൾ

(4) സുരംഗങ്ങൾ

15. ഇന്ത്യൻ ഉപദ്വീപിയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ്:

(1) അഗസ്ത്യമുടി

(2) ദോഡബേട്ട

(3) ആനമുടി

(4) മൗണ്ട് അബു

16. 1cm to 2km നെ കാണിക്കുന്ന ഭൂപടതോത്? ഭിന്നക രീതിയിൽ എങ്ങനെ പ്രദർശിപ്പിക്കാം?

(1) 1: 200000 (2) 1: 20,000

(3) 1: 2000 (4) 1: 200

17. മധ്യകാല കേരളത്തിലെ 'ആളടിയാർ' ആരായിരുന്നു?
(1) സൈനീക സേവനം ചെയ്യുന്നവർ
(2) ക്ഷേത്ര സംരക്ഷകർ
(3) വ്യാപാരികൾ
(4) കർഷക തൊഴിലാളികൾ

18. ഇന്ത്യൻ ഭരണഘടനയിലെ ഏത് ഭാഗത്താണ് 'ക്ഷേമരാഷ്ട്രം' എന്ന ആശയം ഉൾപ്പെടുത്തിയിരിക്കുന്നത്?
(1) ആമുഖം (2) മൗലികാവകാശങ്ങൾ
(3) മാർഗ്ഗനിർദ്ദേശക തത്വങ്ങൾ
(4) ഏഴാം പട്ടിക

19. ഇന്ത്യയിൽ എത്രാമത്തെ ഭരണഘടനാ ഭേദഗതിയാണ് വിദ്യാഭ്യാസ അവകാശത്തെ മൗലികാവകാശമാക്കിയത്?
(1) 61-ാം ഭേദഗതി
(2) 73-ാം ഭേദഗതി
(3) 86-ാം ഭേദഗതി
(4) 91-ാം ഭേദഗതി

20. മനുഷ്യൻ കൃഷി ആരംഭിച്ചത് എപ്പോൾ?
(1) പുരാതന ശിലാ യുഗം
(2) മധ്യ ശിലാ യുഗം
(3) നവീന ശിലാ യുഗം
(4) ഇരുമ്പ് യുഗം

21. താഴെ പറയുന്നവയിൽ മധ്യകാല വടക്കേ ഇന്ത്യയിലെ ഖാർഖാനകളിലെ തൊഴിൽ വിഭാഗങ്ങളിൽ ആരെയാണ് കാണാൻ കഴിയാത്തത്?
(1) സ്വർണ്ണപ്പണിക്കാർ
(2) ചിത്രത്തയ്യൽ പണിക്കാർ
(3) കർഷകർ
(4) ഇരുമ്പ് പണിക്കാർ

22. അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക കാലാവധി എത്ര??
(1) 3 വർഷം
(2) 4 വർഷം
(3) 5 വർഷം
(4) 6 വർഷം

23. താഴെ പറയുന്നന ഇന്ത്യൻ രാജാക്കന്മാരിൽ ആരെയാണ് 'പ്രിയദസ്സി' എന്നറിയപ്പെടുന്നത്?
(1) ബിന്ദുസാര
(2) ചന്ദ്രഗുപ്ത മൗര്യൻ
(3) അശോകൻ
(4) ഖാരവേല

24. രാഷ്ട്രപതതിയെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള (ഇംപീച്ച്മെന്റ്) കാരണം:
(1) അഴിമതി
(2) ബുദ്ധിമാന്ദ്യം
(3) ഭരണഘടനാ ലംഘനം
(4) പെരുമാറ്റ ദൂഷ്യം

25. മൗലിക കടമകൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ച കമ്മിറ്റി ഏത്?
(1) അശോക് മേത്ത കമ്മിറ്റി
(2) സ്വരൺ സിംഗ് കമ്മിറ്റി
(3) സന്താനം കമ്മിറ്റി
(4) വർമ്മ കമ്മിറ്റി

26. താഴെ പറയുന്നവയിൽ മധ്യകാല ഇന്ത്യയിൽ സൂഫി സന്യാസികളുടെ ജീവിതവുമായി ബന്ധപ്പെടാത്തത് ഏത്?
(1) ഖാൻക്വ
(2) കവാലി
(3) ഉർദു ഭാഷ
(4) ഇൻഡോ സാരസനിക് രീതി

27. ഒഡിഷയിലൂടെ ഒഴുകുന്ന പ്രധാന നദിയാണ്;
(1) മഹാനദി
(2) ഗോദാവരി
(3) കൃഷ്ണ
(4) ഹൂഗ്ലി

28. താഴെ പറയുന്നവയിൽ ചൈനക്കാർ കണ്ടുപിടിച്ചത്.
(1) പൂജ്യം എന്ന ആശയം
(2) ദശാംശ സമ്പ്രദായം
(3) നാവികന്റെ വടക്കുനോക്കി യന്ത്രം
(4) ദൂരദർശിനി

29. താഴെ തന്നിട്ടുള്ളവയിൽ ഹരിതഗൃഹ വാതകമല്ലാത്തത് ഏത്?
(1) ഓക്സിജൻ
(2) കാർബൺ ഡയോക്സൈഡ്
(3) മീഥെയിൻ
(4) ഓസോൺ

30. ഭൂപടങ്ങളിൽ കൃഷിയിടങ്ങൾ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന അംഗീകൃത നിറമാണ്:
(1) പച്ച
(2) ചുവപ്പ്
(3) തവിട്ട്
(4) മഞ്ഞ

31. ബസാർട്ട് ഏതു തരം ശിലകൾക്ക് ഉദാഹരണ മാണ്?

(1) കായാന്തരിത ശില

(2) ആഗ്നേയ ശില

(3) അവസാദ ശില

(4) അടുക്കുശില

32. താഴെ പറയുന്നവയിൽ തെറ്റായ ജോഡി ഏത്?

(1) ഏഷ്യയിൽ നിന്ന് യൂറോപ്പിലേക്കുള്ള പ്രവേ ശന കവാടം - കോൺസ്റ്റാന്റിനോപ്പൾ

(2) ഗ്രീക്കോ - റോമൻ പാരമ്പര്യങ്ങളുടെ സമൃ ദ്ധമായ നാട് - ഇറ്റലി

(3) യുക്തിബോധവും അന്വേഷണാത്മകതയും - നവോത്ഥാനം

(4) ഡോൺ ക്വിക്സോട്ട് - ഇറാസ്മസ്

33. ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭ സർവ്വദേശിയ മനുഷ്യപ്രഖ്യാപനം സ്വീകരിച്ചത് എപ്പോൾ?

(1) 1947 ഡിസംബർ 10

(2) 1948 ഡിസംബർ 10

(3) 1949 ഡിസംബർ 10

(4) 1950 ഡിസംബർ 10

34. ചുവടെ നൽകിയിരിക്കുന്നതിൽ ജനാധിപത്യ ത്തിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ അവകാശം ഏത്?

(1) വിമർശിക്കാനുള്ള അവകാശം

(2) സമ്മേളിക്കുവാനുള്ള അവകാശം

(3) സ്വത്തവകാശം

(4) സംഘടിക്കുവാനുള്ള അവകാശം

35. ഇന്ത്യയിൽ കേന്ദ്ര മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാ ദിത്വം ആരോടാണ്?

(1) രാഷ്ട്രപതി

(2) രാജ്യസഭ

(3) ലോക്സഭ

(4) പാർലമെന്റ്

36. ചുവടെ നല്കിയിരിക്കുന്നവയിൽ ഡക്റ്റിലിറ്റി കുറവുള്ളത് ഏതിന്?

(1) സ്വർണ്ണം

(2) ഇരുമ്പ്

(3) സൾഫർ

(4) ടങ്സ്റ്റൻ

37. തന്നിരിക്കുന്നവയിൽ ജലത്തിൽ കലർന്നു കിടക്കുന്ന ഖരപദാർത്ഥങ്ങളെ കൊയാഗുലേറ്റ് ചെയ്യാൻ സഹായിക്കുന്നത് ആര്?

(1) ആലം

(2) കരി

(3) ഉപ്പ്

(4) മെഴുക്

38. മിനിയേച്ചർ സർക്യൂട്ട് ബ്രേക്കർ ഗൃഹവൈദ്യു തീകരണത്തിൽ..........ന് പകരമായി ഉപയോഗി ക്കുന്നു

(1) വാട്ട് അവർ മീറ്റർ

(2) മെയിൻ സ്വിച്ച്

(3) ഇ. എൽ.സി.ബി.

(4) ഫ്യൂസ്

39. ഭൂവൽക്കത്തിൽ കാണപ്പെടുന്ന മൂലകങ്ങളിൽ ലഭ്യതയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നതാര്?

(1) സൾഫർ

(2) സിലിക്കൺ

(3) ഓക്സിജൻ

(4) നൈട്രജൻ

40. ജലത്തിനടിയിലൽ സൂക്ഷിക്കുന്ന മൂലകമേത്/

(1) ബ്രോമിൻ

(2) ലിതിയം

(3) സോഡിയം

(4) ഫോസ്ഫറസ്

41. ചേരുംപടി ചേർക്കുക.

(a) കെവ്ലാർ (i) നോൺസ്റ്റിക് പാത്രങ്ങൾ

(b) ബേക്കലൈറ്റ് (ii) വസ്ത്രങ്ങൾ

(c) ടെഫ്ലോൺ (iii) വൈദ്യുത സ്വിച്ചുകൾ

(d) ടെറിലിൻ (iv) വെടിയുണ്ട ഏൽക്കാത്ത ജാക്കറ്റുകൾ

(1) (a)-(ii), (b) - (iv), (c) - (i), (d) - (iii)

(2) (a)-(iv), (b) - (iii), (c) - (i), (d) - (ii)

(3) (a)-(i), (b) - (iii), (c) - (ii), (d) - (iv)

(4) (a)-(iv), (b) - (ii), (c) - (i), (d) - (iii)

42. ഒരഗ്രം ജലത്തിൽ ലംബമായി മുക്കിവച്ചിരിക ക്കുന്ന കുഴലിന്റെ മറ്റേ അഗ്രത്ത് വായ കൊണ്ട് വലിക്കുമ്പോൾ ജലം മുകളിലേക്ക് കയറുന്നതിന് കാരണം.

(1) ജലത്തിന്റെ മർദ്ദം

(2) ഭൂമിയുടെ ഗുരുത്വാകർഷണം

(3) അന്തരീക്ഷ മർദ്ദം

(4) പൈപ്പിന്റെ ശക്തി

43. 2020 ഡിസംബർ 17 ന് ISRO വിക്ഷേപിച്ച് ക്രിത്രിമ ഉപഗ്രഹം:

(1) CMS - 01

(2) EOS - 01

(3) GSAT - 30

(4) RISAT - 2BRI

44. ഭൗതിക മാറ്റത്തിനു ഉദാഹരണമേത്?

(1) സോഡിയം ക്ലോറൈഡിന്റെ ജലീയലായനിയിൽ നിന്നും സോഡിയം ക്ലോറൈഡ് പരലുകൾ ലഭിക്കുന്നത്

(2) അലുമിനിയം പാത്രങ്ങളുടെ നിറം കാലക്രമത്തിൽ നഷ്ടപ്പെടുന്നത്

(3) പ്രകാശസംശ്ലേഷണം

(4) പാൽ പിരിയുന്നത്

45. രാസപരമായി വിനാഗിരി എന്താണ്?

(1) അസറ്റിക് ആസിഡ്

(2) സിട്രിക് ആസിഡ്

(3) ഓക്സാലിക് ആസിഡ്

(4) ടാർടാറിക് ആസിഡ്

46. ജീവജാലങ്ങൾ തമ്മിലും ജീവജാലങ്ങളും അവയുടെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള പഠനമാണ്.

(1) ഇക്കണോമിക്സ്

(2) ഇക്കോമെട്രിക്സ്

(3) ഇക്കോളജി

(4) ഇക്കോട്രോൺ

47. കോശാസ്ഥികൂടം എന്നറിയപ്പെടുന്ന കോശംഗം:

(1) റൈബോസോം

(2) മൈറ്റോ കോൺട്രിയോൺ

(3) ഫേനം

(4) എൻഡോപ്ലോസ്മിക് റെറ്റിക്കുലം

48. ശരിയായജോഡി തെരഞ്ഞെടുക്കുക

(1) ഡൊമെയ്ൻ യൂക്കാരിയ - ബാക്ടീരിയ

(2) ആറു കിങ്ഡം വർഗീകരണ പദ്ധതി - കാൾ വൗസ്

(3) കിങ്ഡം മൊനീറ - കുമിളകൾ

(4) അഞ്ചു കിങ്ഡം വർഗീകരണ പദ്ധതി - ജോൺറേ

49. മണ്ണിൽ നൈട്രജന്റെ അളവ് കൂട്ടുന്നതിനായി ഉപയോഗിക്കുന്ന ജല സസ്യത്തിന്റെ പേര് എഴുതുക.

(1) അസോള

(2) റൈസോബിയം

(3) അസറ്റോബാക്ടർ

(4) അസോസ്പൈറില്ലം

50. പ്രകാശം സൂര്യനിൽ നിന്ന് ഭൂമിയിൽ എത്താൻ എടുക്കുന്ന സമയം ഏകദേശം

(1) 8 സെക്കൻഡ്

(2) 20 സെക്കൻഡ്

(3) 500 സെക്കൻഡ്

(4) ഒരു മിനിറ്റ്

51. ചുവടെ കൊടുത്തിരിക്കുന്നതിൽ സമ്പർക്കബലം ഏത്?

(1) ഗുരുത്വാകർഷണ ബലം

(2) കാന്തിക ബലം

(3) ഘർഷണ ബലം

(4) സ്ഥിത വൈദ്യുത ബലം

52. ചുവടെ നല്കിയിരിക്കുന്നവയിൽ നിർവീര്യകരണ പ്രവർത്തനം പ്രയോജനപ്പെടുത്താത്തത് ഏതിൽ?

(1) കൃഷിയോട് അനുബന്ധിച്ചു മണ്ണിൽ കുമ്മായം ചേർക്കുന്നത്

(2) കടന്നൽക്കുത്തേറ്റ സ്ഥലത്തു വിനാഗിരി ഉപയോഗിക്കുന്നത്.

(3) മുഖത്ത് സൺസ്ക്രീൻ ക്രീമുകളുടെ ഉപയോഗം

(4) ആമാശയ സംബന്ധിയായ പ്രശ്നങ്ങൾക്ക് മഗ്നീഷ്യം ഹൈഡ്രോക്സൈഡ് ഉപയോഗിക്കുന്നത്.

53. നല്കിയിരിക്കുന്നവയിൽ ഏറ്റവും കൂടുതൽ ചാർജ് വഹിക്കുന്ന അയോൺ ഏതാണ്/

(1) ഫോസ്ഫേറ്റ് അയോൺ

(2) കാർബണേറ്റ് അയോൺ

(3) കാൽസ്യം അയോൺ

(4) ബൈകാർബണേറ്റ് അയോൺ

54. ശബ്ദത്തിന് ശൂന്യതയിൽ കൂടിയുള്ള വേഗം:

(1) 330 മീറ്റർ/സെക്കൻഡ്

(2) 0 മീറ്റർ / സെക്കൻഡ്

(3) 348 മീറ്റർ / സെക്കൻഡ്

(4) $3 \times 10^8$ മീറ്റർ / സെക്കൻഡ്

55. ആദ്യമായി കോശങ്ങളെ നിരീക്ഷിച്ച ശാസ്ത്രജ്ഞൻ

(1) റോബർട്ട് ജന്നർ

(2) റോബർട്ട് ഹുക്ക്

(3) റോബർട്ട് ബ്രൗൺ

(4) റുഡോൾഫ് വിർഷോ

56. നിശ്ചിത മാസുള്ള ഒരു വസ്തു ഒരു പ്രതലത്തിൽ കൂടി നിരക്കിനീക്കുമ്പോൾ അനുഭവപ്പെടുന്ന ഘർഷണബലം താഴെ പറയുന്നവയിൽ ഏതിനെ ആശ്രയിക്കുന്നു?

(1) വസ്തുവിന്റെ ആകൃതി

(2) വസ്തുവിന്റെ വലിപ്പം

(3) പ്രതലങ്ങളുടെ സ്വഭാവം

(4) വസ്തുവിന്റെ വേഗത

57. മനുഷ്യരക്തത്തിലെ നിറത്തിനു കാരണം ........... ന്റെ സാന്നിധ്യമാണ്.

(1) ഹീമോഗ്ലോബിൻ

(2) ഹീമോയെറിത്രിൻ

(3) ഹീമോസയാനിൻ

(4) സയാനോഗ്ലോബിൻ

58. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?

(1) സുവോളജിക്കൽ ഗാർഡൻ എക്-സിറ്റു കൺസർവേഷനു ഉദാഹരണമാണ്.

(2) ജിൻ ബാങ്കുകൾ ഇൻ-സിറ്റു കൺസർവേഷനു ഉദാഹരണമാണ്.

(3) പൊതു ജന പങ്കാളിത്തത്തോടെ സംരക്ഷിക്കുന്ന പ്രദേശങ്ങളാണ് കമ്മ്യൂണിറ്റി റിസർവ്വുകൾ

(4) നാഷണൽ പാർക്ക് ഇൻ-സിറ്റു കൺസർവേഷനു ഉദാഹരണമാണ്.

59. താഴെ കൊടുത്തിരിക്കുന്നവയിൽ ഭക്ഷ്യവസ്തുക്കൾക്ക് മഞ്ഞ നിറം നല്കാൻ ഉപയോഗിക്കാവുന്നതേത്?

(1) കാരമൊസിൻ

(2) എരിത്രോസിൻ

(3) ഇൻഡിഗോ കാരമിൻ

(4) ടാർട്രസിൻ

60. 'മംഗൾയാൻ മിഷൻ' .........എന്നും അറിയപ്പെടുന്നു.

(1) ലൂണാർ ഓർബിറ്റർ മിഷൻ

(2) സോളാർ ഓർബിറ്റർ മിഷൻ

(3) മാർസ് ഓർബിറ്റർ മിഷൻ

(4) ഭൂസ്ഥിര ഓർബിറ്റർ മിഷൻ

61. ക്യൂണികൾച്ചർ എന്നത്:

(1) ശാസ്ത്രീയമായി മുയലുകളെ വളർത്തുന്നത്.

(2) ശാസ്ത്രീയമായി തേനീച്ച വളർത്തുന്നത്.

(3) വ്യാവസായികാടിസ്ഥാനത്തിൽ പൂക്കൾ വളർത്തുന്നത്.

(4) ശാസ്ത്രീയമായി മത്സ്യകൃഷി നടത്തുന്നത്

62. ചുവടെ നൽകിയിരിക്കുന്ന സംയുക്തങ്ങളിൽ ചൂടാക്കുമ്പോൾ ഉത്പതനം സംഭവിക്കുന്നത് ഏതിനാണ്?

(a) അമോണിയം ക്ലോറൈഡ

(b) അയോഡിൻ

(c) നംഫ്തലീൻ

(d) ഗ്ളൂക്കോസ്

(1) (a) & (b) മാത്രം

(2) (c) മാത്രം

(3) (a) , (b) & (c)

(4) (a), (b), (c) & (d)

63. ജലത്തിന്റെ താത്കാലിക കാഠിന്യത്തിനു കാരണമായ അയോൺ ഏത്?

(1) നൈട്രേറ്റ്

(2) ബൈകാർബണേറ്റ്

(3) ക്ലോറൈഡ്

(4) സൾഫേറ്റ്

64. കൂട്ടത്തിൽ ചേരാത്തത് ഏത്?

(1) മുറ

(2) അതുല്യ

(3) ബദാവരി

(4) നീലിരവി

65. ഒരു കോൺവെക്സ് മിററിന് അടുത്തേക്ക് ഒരു വസ്തു നീങ്ങുന്നു. മിറർ രൂപീകരിക്കുന്ന പ്രതിബിംബത്തെ പറ്റിയുള്ള ശരിയായ പ്രസ്താവന ഏത്?

(1) പ്രതിബിംബം മിറ്റിൽ നിന്ന് അകലുന്നു

(2) മിറ്റിൽ നിന്ന് വസ്തുവിലേക്കുള്ള അകലവും പ്രതിബിംബത്തിലേക്കുള്ള അകലവും എല്ലായ്പ്പോഴും തുല്യം ആയിരിക്കും.

(3) പ്രതിബിംബം ആദ്യ മിറ്റിന് അടുത്തേക്ക് നീങ്ങുകയും പിന്നീട് അകലുകയും ചെയ്യും.

(4) പ്രതിബിംബം എല്ലായ്പ്പോഴും മിറ്റിനും ഫോക്കസിനും ഇടയ്ക്കായിരിക്കും.

66. ഉച്ഛ്വാസ വായുവിലെ ഓക്സിജന്റെ അളവ്:

(1) 21%

(2) 15%

(3) 78%

(4) 3%

67. ഏതു കോശമായും മാറാൻ കഴിവുള്ള സവിശേഷ കോശങ്ങളാണ്................

(1) രക്ത കോശങ്ങൾ

(2) ആവരണ കോശങ്ങൾ

(3) വിത്ത് കോശങ്ങൾ

(4) നാഡീ കോശങ്ങൾ

68. സ്ഥിര അവസ്ഥയിൽ ഇരിക്കുന്ന ഒരു വസ്തുവിന്റെ ദൂര - സമയ ഗ്രാഫ്;

(1) സമയ അക്ഷത്തിന് സമാന്തരമായ നേർരേഖ

(2) സമയ അക്ഷത്തിന് ലംബമായ നേർരേഖ

(3) സമയ അക്ഷവുമായി ചരിവുള്ള നേർരേഖ

(4) വക്രരേഖ

69. മൈക്രോൺ എന്നത്..............അളക്കുന്നതിനുള്ള യൂണിറ്റാണ്.

(1) നീളം

(2) മാസ്

(3) സമയം

(4) പരപ്പളവ്

70. നേർപ്പിച്ച NaOH ലേക്ക് മീതൈൽ ഓറഞ്ച് സൂചകം ചേർത്താൽ, ലായനിക്ക് ലഭിക്കുന്ന നിറം എന്തായിരിക്കും?

(1) നിറമില്ല

(2) ഓറഞ്ച് കലർന്ന ചുവപ്പ്

(3) പിങ്ക്

(4) മഞ്ഞ

71. $(0.000027)^{\frac{1}{3}}$ വില എന്ത്?

(1) 0.03 (2) 0.09

(3) 0.009 (4) 0.3

72. $\frac{1}{4.103} = 0.2437$ ആയാൽ $\frac{1}{0.0004103}$ ന്റെ വില എന്ത്?

(1) 2437 (2) 24370

(3) 2.437 (4) 243700

73. $a^{2x+2} = 1$, ഒന്ന് അല്ലാത്ത രേഖീയ അധിസംഖ്യയാണ് a എങ്കിൽ x ന്റെ വില :

(1) 0 (2) -1

(3) –2 (4) 1

74. ഒരു ത്രികോണത്തിന്റെ വശങ്ങൾ $1:\sqrt{2}:1$ എന്ന അംശബന്ധത്തിൽ ആയാൽ അവയുടെ കോണുകളുടെ അംശബന്ധം ഏത്?

(1) 1:2:4 (2) 2:3:4

(3) 1:2:1 (4) 3:2:2

75. ചുവടെ കൊടുത്തിരിക്കുന്നവയിൽ വലുത് ഏത്?

(1) $\sqrt{8}+\sqrt{22}$ (2) $1+\sqrt{29}$

(3) $\sqrt{12}+\sqrt{18}$ (4) $\sqrt{10}+\sqrt{20}$

76. 10 സംഖ്യകളുടെ ശരാശരി 7 ആണ്. എല്ലാ സംഖ്യകളേയും 3 കൊണ്ട് ഗുണിച്ചാൽ പുതിയ ശരാശരി എത്ര?

(1) 7

(2) 21

(3) 42

(4) 14

77. ഒരാൾ ഒരു കളിപ്പാട്ടം 50 രൂപക്ക് വാങ്ങുകയും 75 രൂപക്ക് വിൽക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ലാഭം എത്ര?

(1) 50% (2) 35%


(3) 25% (4) 20%

78. അഞ്ചിന്റെ ആദ്യത്തെ പത്ത് ഗുണിതങ്ങളുടെ തുക എത്ര?

(1) 256 (2) 275

(3) 300 (4) 296

79. ചിത്രത്തിൽ ഒരു ത്രികോണം ഒരു സമചതുരത്തിൽ അന്തർ ലേഖനം ചെയ്തിരിക്കുന്നു. കറുപ്പിച്ച ഭാഗത്തിന്റെയും അല്ലാത്ത ഭാഗത്തിന്റെയും പരപ്പളവിന്റെ അംശബന്ധം എത്ര?



(1) 2:3 (2) 3:2

(3) 2:1 (4) 1:1

80. പാലിന്റെയും വെള്ളത്തിന്റെയും 40 ലിറ്റർ മിശ്രിതത്തിൽ 10% വെള്ളം ഉണ്ട്. മിശ്രിതത്തിൽ 20% വെള്ളം ആകാൻ എത്ര ലിറ്റർ വെള്ളം ചേർക്കണം?

(1) 10 ലിറ്റർ (2) 8 ലിറ്റർ

(3) 5 ലിറ്റർ (4) 6 ലിറ്റർ

81. 30 ന് ആകെ എത്ര ഘടകങ്ങൾ ഉണ്ട്?

(1) 16 (2) 10

(3) 8 (4) 6

82. 2 -ന്റെ രണ്ട് കൃതികളുടെ തുക 160 ആയാൽ അവയുടെ വ്യത്യാസം എത്ര?

(1) 100

(2) 60

(3) 96

(4) 90

83. 10 പുരുഷന്മാർ 20 ദിവസംകൊണ്ട് ഒരു പാടം കൊയ്യുമെങ്കിൽ 5 പേർക്ക് എത്ര ദിവസം വേണ്ടി വരും?

(1) 50 ദിവസങ്ങൾ

(2) 60 ദിവസങ്ങൾ

(3) 100 ദിവസങ്ങൾ


(4) 40 ദിവസങ്ങൾ

84. $\frac{x}{y}$ നോട് എന്ത് കൂട്ടിയാൽ $\frac{y}{x}$ കിട്ടും?

(1) $\frac{y^2-x^2}{xy}$ (2) $\frac{y^2+x^2}{xy}$

(3) $\frac{x^2-y^2}{xy}$ (4) $\frac{y^2-x^2}{x}$

85. ചിത്രത്തിൽ ഒരു സമചതുരം തന്നിരിക്കുന്നു y എന്ന കോണിന്റെ അളവ് എന്ത്?




(1) 60° (2) 75°

(3) 80° (4) 70°

86. x+y = 20 ആയാൽ xy യുടെ വില പരമാവധിയാകുന്നത് എപ്പോൾ?

(1) x= 8 (2) y = 10

(3) x = 12 (4) y =12

87. ഒന്ന് മുതൽ 200 വരെ 3 കൊണ്ടും 4 കൊണ്ടും പൂർണമായും ഹരിക്കാൻ കഴിയുന്ന എത്ര സംഖ്യകളുണ്ട്?

(1) 18 (2) 12

(3) 10 (4) 16

88. 3y = 5x ആയാൽ $\frac{y-x}{y+x}$ ന്റെ വില എത്ര?

(1) $\frac{1}{7}$ (2) $\frac{5}{3}$

(3) 0.2 (4) $\frac{1}{4}$

89. ഒരു ജോലിക്കാരന്റെ വേതനം ആദ്യം 10% കൂട്ടുകയും പിന്നീട് കുറയ്ക്കുകയും ചെയ്തു എങ്കിൽ വേതന വ്യത്യാസം എത്ര?

(1) 2% വർധിച്ചു

(2) 1% കുറഞ്ഞു

(3) 2. 5% വർധിച്ചു

(4) 3% വർധിച്ചു

90. 8200 എന്ന സംഖ്യ ഒരു പൂർണവർഗം ആകാൻ അതിനോട് കൂട്ടാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്?

(1) 81

(2) 154

(3) 100

(4) 64

**ഉത്തരങ്ങൾ**

| | | | | | | |
|---|---|---|---|---|---|---|
| 1. 2 | 2. 3 | 3. 4 | 4. 1 | 5. 2 | 6. 4 | 7. 4 |
| 8. 3 | 9. 1 | 10. 1 | 11. 3 | 12. 2 | 13. 3 | 14. 3 |
| 15. 3 | 16. 1 | 17. 4 | 18. 3 | 19. 3 | 20. 3 | 21. 3 |
| 22. 2 | 23. 3 | 24. 3 | 25. 2 | 26. 4 | 27. 1 | 28. 3 |
| 29. 1 | 30. 4 | 31. 2 | 32. 4 | 33. 2 | 34. 1 | 35. 3 |
| 36. 3 | 37. 1 | 38. 4 | 39. 2 | 40. 4 | 41. 2 | 42. 3 |
| 43. 1 | 44. 1 | 45. 1 | 46. 3 | 47. 4 | 48. 2 | 49. 1 |
| 50. 3 | 51. 2 | 52. 3 | 53. 1 | 54. 2 | 55. 2 | 56. 3 |
| 57. 1 | 58. 2 | 59. 4 | 60. 1 | 61. 3 | 62. 3 | 63. 2 |
| 64. 2 | 65. 4 | 66. 1 | 67. 3 | 68. 1 | 69. 1 | 70. 4 |
| 71. 1 | 72. 1 | 73. 2 | 74. 3 | 75. 3 | 76. 2 | 77. 1 |
| 78. 2 | 79. 4 | 80. 3 | 81. 3 | 82. 3 | 83. 4 | 84. 1 |
| 85. 2 | 86. 2 | 87. 4 | 88. 4 | 89. 2 | 90. 1 | |